ബഷീർ തൃപ്പനച്ചി / പ്രകാശവചനം

# സ്വർഗത്തോളമെത്തുന്ന സ്നേഹം

عَنْ أَنَسِ بْنُ مَالِك رَضِيَ اللهُ عَنْهُ أَنَّه قَالَ : قَالَ رَسُولُ اللهِ ﷺ : لاَ يُؤْمِنُ أَحَدُكُمْ حَتى أَكُونَ أَحَبَّ إِلَيْهِ مِنْ نَفْسِهِ وَمَالِهِ وَوَلَدِهِ وَالنَّاسِ أَجْمَعِين.

അനസി(റ)ൽനിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: "സ്വന്തത്തെക്കാളും തന്റെ സമ്പത്ത്, സന്താനങ്ങൾ, മറ്റു മനുഷ്യർ എന്നിവരെക്കാളും ഒരാൾക്ക് ഏറ്റവും ഇഷ്ടപ്പെട്ടവൻ ഞാനാകുന്നത് വരെ അയാൾ വിശ്വാസിയാവുകയില്ല." (ബുഖാരി, മുസ്‌ലിം)

ഭൗതിക ജീവിതത്തിൽ മനുഷ്യന് പ്രിയങ്കരവും ഇഷ്ടകരവുമായ ധാരാളം വിഭവങ്ങളുണ്ട്. വിശുദ്ധ ഖുർആൻ സൂചിപ്പിച്ചത് പോലെ സമ്പത്തിനെയും സന്താനങ്ങളെയും മനുഷ്യർ വല്ലാതെ സ്നേഹിക്കുന്നു. ആദർശങ്ങളും ന്യായാന്യായങ്ങളും ഈ സ്നേഹത്തിന് മുന്നിൽ വിസ്മരിക്കപ്പെടുന്നു. ദുനിയാവിലും പരലോകത്തിലും വെറുക്കപ്പെടുന്ന സ്നേഹാന്ധതയിലേക്കിത് പലപ്പോഴും വഴി തെറ്റുന്നു. സ്വർഗം ലക്ഷ്യമാക്കുന്ന വിശ്വാസിയുടെ ദുനിയാവിലെ സ്നേഹങ്ങൾക്ക് ഒരടിസ്ഥാന ഏകകം കൽപിക്കുകയാണ് ഈ ഹദീസിലൂടെ പ്രവാചകൻ ചെയ്യുന്നത്. ഒരു വിശ്വാസി ഏറ്റവും കൂടുതൽ സ്നേഹിക്കേണ്ടത് നബി(സ)യെയാണ്. പ്രവാചക സ്നേഹമെന്ന ഏകകത്തിൽ നിന്നാവണം വിശ്വാസിയുടെ മറ്റെല്ലാ സ്നേഹങ്ങളും പ്രകാശിപ്പിക്കപ്പെടേണ്ടത്.

പ്രവാചകാനുരാഗത്തിന്റെ കാമ്പും കാതലും അദ്ദേഹത്തിലൂടെ പ്രസരിക്കപ്പെട്ട ആശയങ്ങളോടും സ്വഭാവഗുണങ്ങളോടുമുള്ള സ്നേഹമാണ്. വിശുദ്ധ ഖുർആൻ(*അത്തൗബ* 24) അത് വ്യക്തമാക്കുന്നുണ്ട്. പ്രവാചകനെ ഏറ്റവുമധികം സ്നേഹിച്ച ഇസ്‌ലാമിക സമൂഹത്തിലെ ഒന്നാം തലമുറക്കാരായ സ്വഹാബികളുടെ ജീവിതം തന്നെയതിന് മതിയായ സാക്ഷ്യമാണ്. ജീവനും സമ്പത്തുമടക്കം തങ്ങൾക്കുള്ളതെല്ലാം ഇസ്‌ലാമിന്റെ മാർഗത്തിൽ സ്വയം സമർപ്പിച്ചാണ് സ്വഹാബികൾ പ്രവാചക സ്നേഹത്തെ ജീവിതത്തിൽ അടയാളപ്പെടുത്തിയത്. 'നീ സ്നേഹിച്ചവർക്കൊപ്പമാണ് സ്വർഗത്തിലുണ്ടാവുക' എന്ന നബിവചനം കേവലം സ്നേഹത്തെയല്ല, കർമാനുഷ്ഠാനങ്ങളിലൂടെ പ്രവാചകനെ അനുധാവനം ചെയ്ത് സ്വർഗം കരസ്ഥമാക്കുന്നതിനെയാണ് കുറിക്കുന്നത്. തന്റെ കരളിന്റെ കരൾ എന്ന് വിശേഷിപ്പിക്കുകയും ഏറെ സ്നേഹിക്കുകയും ചെയ്ത പ്രിയപുത്രി ഫാത്വിമ(റ)യോടുള്ള റസൂലിന്റെ ഉപദേശം ഇങ്ങനെയാണ്. "മകളേ, നരകത്തിൽനിന്ന് നിന്നെ നീ തന്നെ കാത്തുകൊള്ളുക. ഉപ്പാക്ക് ഒന്നും ചെയ്യാൻ കഴിയില്ല." മുഹമ്മദെന്ന പിതാവിന്റെ മകളോടുള്ള കേവല സ്നേഹം കൊണ്ടോ മകൾക്ക് തിരിച്ച് പിതാവായ നബിയോടുള്ള സ്നേഹം കൊണ്ടോ സ്വർഗ പ്രവേശം സാധ്യമാവുകയില്ല എന്നർഥം. നൂഹ്(അ)ന്റെ മകന്റെയും ലൂത്ത്(അ)ന്റെ ഭാര്യയുടെയും ചരിത്രം ചിത്രീകരിക്കുമ്പോൾ ഖുർആനത് കൂടുതൽ വ്യക്തമാക്കുന്നുണ്ട്.

സ്വർഗത്തിൽ റസൂലിന്റെ സ്നേഹ സാമീപ്യമാഗ്രഹിക്കുന്നവർ പ്രവാചകചര്യ പിൻപറ്റി കർമാനുഷ്ഠാനങ്ങളിലൂടെയാണത് നേടേണ്ടത്. ഉണർച്ച മുതൽ ഉറക്കം വരെയും ജനനം മുതൽ മരണം വരെയുമുള്ള മനുഷ്യ ജീവിതത്തിന്റെ സമസ്ത മേഖലകളിലേക്കുമുള്ള വഴിവെളിച്ചം വേദഗ്രന്ഥത്തിലും പ്രവാചക ചര്യയിലുമുണ്ട്. ദൈവേഛയുടെ വെളിപാടാണ് ദൈവിക ഗ്രന്ഥമെങ്കിൽ അതിന്റെ പ്രായോഗിക മാതൃകയാണ് പ്രവാചകചര്യ. ജീവിതം കൊണ്ട് അതിന് സാക്ഷ്യം വഹിക്കലാണ് യഥാർഥ പ്രവാചക സ്നേഹം. നബിയുടെ സന്ദേശം ജീവിത ദൗത്യമായി ഏറ്റെടുത്ത് വേണം ആ സ്നേഹം പ്രകടമാക്കാൻ. ■